# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2374** **01.04.2013**-ൽ മറുപടിക്ക്

***2012-13 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക***

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യകുടുംബക്ഷേമ മേഖലയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക വേണ്ടി 2012-13 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; | (എ) യും (ബി)യും<br>വിവരം ശേഖരിച്ചുവരുന്നു. |
| (ബി) ഇതിൽ ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) സാമ്പത്തിക വർഷം അവസാനിക്കുന്ന ഈ കാലയളവിലും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (സി) നിർമ്മാണ പ്രവർത്തികൾക്ക് പൊതുമരാമത്ത് വകുപ്പിനും മെഡിസിനും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് KMSCL-നും മറ്റ് പ്രവർത്തനങ്ങൾക്ക് NRHM-നും കൈമാറിയിട്ടുള്ള ഫണ്ടിന്റെ വിനിയോഗത്തിന് വേണ്ടിയുള്ള പ്രവൃത്തികൾ ആ സ്ഥാപനങ്ങളിൽ നിന്ന് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആരോഗ്യ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം പൂർണ്ണമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. എന്നാൽ പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിനാവശ്യമായ അംഗീകാരം ഡെന്റൽ കൗൺസിലിൽ നിന്നും ലഭ്യമാകാത്തതിനാൽ ആ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |

(....2)

(ഡി) നടപ്പ സാമ്പത്തിക വർഷം ഈ മേഖലയിൽ വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതികൾ പൂർത്തിയാക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ഡി) നടപ്പ് സാമ്പത്തിക വർഷം വകകൊള്ളിച്ചിരിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് വേണ്ടി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ വകുപ്പ് അദ്ധ്യക്ഷന്മാരിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ച് യഥാസമയം വർക്കിംഗ് ഗ്രൂപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കി ഭരണാനുമതി നൽകുകയും വളരെ നേരത്തെ തന്നെ ഫണ്ട് വിതരണം ചെയ്യുകയും ചെയ്തു. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെയും, ആരോഗ്യവകുപ്പ് ഡയറക്ടറുടെയും നേതൃത്വത്തിൽ പദ്ധതി നിർവ്വഹണ പ്രക്രിയകൾ സമയാസമയങ്ങളിൽ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ